സി4/11235/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 03.05.2017

## സർക്കുലർ 2 /17

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - എസ്റ്റാ - അനദ്ധ്യാപക ജീവനക്കാരുടെ നിയമനം - റഗുലറൈസേഷൻ - സംബന്ധിച്ച്.

സൂചന:- 19-04-2017-ൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ്.

സർവ്വീസിൽ പുതിയതായി പ്രവേശിപ്പിക്കുന്ന അനദ്ധ്യാപക ജീവനക്കാരന്റെ താല്ക്കാലിക നിയമനം ക്രമീകരിച്ചു നല്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് ശുപാർശ ചെയ്യുമ്പോൾ താഴെപറയുന്ന രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് എന്ന് ഡെപ്യൂട്ടി ഡയറക്ടർമാർ/പ്രിൻസിപ്പാൾമാർ ഉറപ്പുവരുത്തേണ്ടതാണ്.

1. ജീവനക്കാരന്റെ പോലീസ് വെരിഫിക്കേഷനുള്ള പ്രൊഫോർമ ഫോട്ടോ പതിപ്പിച്ച് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയത്.
2. പി.എസ്.സി വെരിഫിക്കേഷനു വേണ്ടി സേവന പുസ്തകത്തിലെ 1 മുതൽ 4 വരെ പേജുകളിലെ എല്ലാ വിവരങ്ങളും പൂരിപ്പിച്ച് സ്ഥാപന മേധാവിയുടെ ഒപ്പ് രേഖപ്പെടുത്തി അവയുടെ ഫോട്ടോകോപ്പി സാക്ഷ്യപ്പെടുത്തിയത്.
3. നിയമന ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. നിശ്ചിത മാതൃകയിലുള്ള പ്രൊഫോർമയിൽ ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയത്.

(കൂടുതൽ വിവരങ്ങൾക്കായി 13-04-2016 തീയതിയിലെ സി3/26216/2015/കോ.വി.വ നമ്പർ സർക്കുലർ കാണുക)

ഒപ്പ്/-
എം.എസ്.ജയ.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വി.എസ്. 4.05.2017

GOVERNMENT OF KERALA